പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1185 20.01.2014 -ലെ മറുപടിയ്ക്ക്

## പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച നയം

ചോദ്യം

ശ്രീ. .ഇ.പി.ജയരാജൻ
ശ്രീ. സാജു പോൾ
ശ്രീ. കെ.ടി. ജലീൽ
ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദി ക്കുന്നത് സംബന്ധിച്ച നയം വെളിപ്പെടുത്തുമോ; എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ ഈ സർക്കാർ പുതിയ കോ ഴ്സുകൾ അനുവദിച്ചിട്ടു ണ്ടോ; എത്ര കോളേജുകളിലായി എത്ര കോഴ്സുകൾ അനുവദിക്കുകയു ണ്ടായി എന്ന് വ്യക്തമാക്കുമോ ; | (എ) | ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ചതിന് ശേഷം കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയോട്കൂടിയാണ് സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത്. എയ്ഡഡ് / അൺ എയ്ഡഡ് കോളേജികളിൽ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ശുപാർശയോട്കൂടിയാണ് കോഴ്സുകൾ അനുവദിക്കുന്നത് ; ഉണ്ട്; 157 എയ്ഡഡ് കോളേജുകളിലായി 238 എയ്ഡഡ് കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഏതെങ്കിലും കോളേജുകൾക്ക് ഒന്നിലധികം കോഴ്സുകൾഅനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | ഉണ്ട്. +2 പാസ്സായ വിദ്യാർത്ഥികളുടെ എണ്ണവും ഡിഗ്രി തലത്തിലുള്ള കോഴ്സുകളിൽ ലഭ്യമായ സീറ്റുകളുടെ എണ്ണവും തമ്മിൽ കാര്യമായ അന്തരമുള്ള കൊല്ലം , ആലപ്പുഴ, പാലക്കാട് , കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ , കാസർഗോഡ്, ഇടുക്കി എന്നി 9 ജില്ലകളിലുള്ള എയ്ഡഡ് കോളേജുകൾക്ക് 2 എയ്ഡഡ് കോഴ്സുകൾ വീത് അനുവദിച്ചിട്ടുണ്ട്. |
| (സി) | ഏതെങ്കിലും കോളേജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ എയ്ഡഡ് ആക്കി മാറ്റിയിട്ടുണ്ടോ ; ഏതെല്ലാം കോളേജുകൾക്കാണ് ഇത്തരത്തിൽ കോഴ്സ് എയ്ഡഡാക്കുന്നതിന് അനുമതിനൽകിയിട്ടുള്ളത് ; | (സി) | ബാധകമല്ല. |

| | | | |
|---|---|---|---|
| (ഡി) | പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും അൺ എയ്ഡഡ് കോഴ്സുകൾ എയ്ഡഡ് ആക്കി മാറ്റുന്നതിനും സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ ; | (ഡി) | ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ചതിന് ശേഷം കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയോട്കൂടിയാണ് സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത്. എയ്ഡഡ്/ അൺ എയ്ഡഡ് കോളേജികളിൽ ബന്ധപ്പെട്ട സർവ്വകലാശാലയുടെ ശുപാർശയോട്കൂടിയാണ് കോഴ്സുകൾ അനുവദിക്കുന്നത് ; |
| (ഇ) | പുതിയ കോഴ്സുകൾ അനുവദിക്കുന്നതി ലൂടെ സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ? | (ഇ) | പുതിയ തസ്തിക സൃഷ്ടിക്കപ്പെട്ടുമ്പോൾ ഏകദേശം 60 കോടി രൂപയുടെ അധിക ചെലവാണ് പ്രതിവർഷം. പ്രതീക്ഷിക്കുന്നത് |

സെക്ഷൻ ആഫീസർ